# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**ROC NO 5765/25/M-I**

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
30.03.2026

## സർക്കുലർ

**വിഷയം:** കെട്ടിട നികുതി അടയ്ക്കുന്നത് സംബന്ധിച്ച്

**സൂചന** : 1) 10/07/1998 ലെ ആർ.ഒ.സി. 3064/96/ലാന്റ് നമ്പർ സർക്കുലർ.
(പകർപ്പ് ചേർക്കുന്നു).
2) ഈ ആഫീസിലെ 19/10/2024 ലെ ROC 16620/24/M I നമ്പർ സർക്കുലർ.
(പകർപ്പ് ചേർക്കുന്നു).

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ നികുതി ഒടുക്ക് വരുത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ ഗ്രൂപ്പ് ആഫീസുകളിൽ നിന്നും ഡിമാന്റ് നോട്ടീസുകൾ സഹിതമുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്ന സാഹചര്യത്തിൽ സൂചന ( 1 , 2 ) സർക്കുലറുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമാനുസൃത തുക മുറപ്രകാരം അടയ്ക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:

1) ബന്ധപ്പെട്ട എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി.സെക്ഷൻ

ആർ.ഒ.സി. 3064/96/ലാന്റ് ദേവസ്വംബോർഡ് സെക്രട്ടറിയേറ്റ്

തിരുവനന്തപുരം 10-7-1998

## സർക്കുലർ

വിഷയം : ദേവസ്വംവക കെട്ടിടങ്ങളുടെ നികുതി അടയ്ക്കുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾക്ക് നികുതി അടയ്ക്കണമെന്നുകാണിച്ച് പല നഗരസഭ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് അധികാരിക ളിൽനിന്നും ദേവസ്വം ഡിപ്പാർട്ട്മെന്റിലേക്ക് നോട്ടീസും ബില്ലും ലഭിക്കാറുണ്ട്. എന്നാൽ കേരള മുൻസിപ്പാലിറ്റി ആക്ട് 1994-ൽ സെക്ഷൻ 235 അനുസരിച്ച് താഴെപറയുന്ന കെട്ടിട ങ്ങളെയും ഭൂമികളേയും വസ്തു നികുതിയിൽനിന്ന് ഒഴിവാക്കേണ്ടതാണെന്ന് നിഷ്കർഷി ച്ചിട്ടുണ്ട്.

ഒന്നുകിൽ യഥാർത്ഥത്തിൽ

എ) പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും, ... ആവശ്യത്തിനും ഉപ അങ്ങനെ ഉപയോഗിക്കുന്നതോ അല്ലെങ്കിൽ മറ്റ് യാതൊരു യോഗിക്കാത്തതോ ആയിട്ടുള്ളതുമായ സ്ഥലങ്ങൾ.

ബി) പൊതു ആരാധനയ്ക്കായി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾ

സി) പൊതു ആരാധനയ്ക്കായി മാത്രം ... യാതൊരു വാടകയും ചുമത്താത്ത സത്രങ്ങളും ചുമത്തുന്ന വാടക താമസത്തിന് യാതൊരു വാടകയും ചുമത്താത്ത സത്രങ്ങളും ചുമത്തുന്ന വാടക ധാർമ്മിക കാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന സത്രങ്ങളും.

ഡി) സർക്കാർ അംഗീകരിച്ചിട്ടുള്ളതുതോ ഈ ആക്ട് പ്രകാരം മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതോ ആയതും വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉടമസ്ഥത യിലും കൈവശത്തിലും ഉള്ളതും അദ്ധ്യാപനം നടത്തുന്നതിനുമാത്രം ഉപയോഗ പ്പെടുത്തുന്നതും ആയ കെട്ടിടങ്ങളും പൊതുജനങ്ങൾക്ക് പ്രവേശനമുള്ള ഗ്രന്ഥ ശാലകളും.

(ഇ) സംസ്ഥാനത്തിന് ബാധകമായി തത്സമയം നിലവിലുള്ള പുരാതന സ്മാരകങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച നിയമത്തിന്റെ കീഴിൽ സംരക്ഷിക്കപ്പെട്ടു പോരു ന്നതും വാസസ്ഥലങ്ങളായോ പൊതു ആഫീസുകളായോ ഉപയോഗിക്കു ന്നതല്ലാത്തതുമായ പുരാതന സ്മാരകങ്ങളോ അവയുടെ ഭാഗങ്ങളോ.

അതുപോലെ കേരള പഞ്ചായത്ത് ആക്ട് നിയമം 1994-ൽ സെക്ഷൻ 207-ൽ താഴെ പറയുന്ന കെട്ടിടങ്ങളെയും ഭൂമിയേയും 200-ാം വകുപ്പുപ്രകാരം നികുതി യിൽനിന്നും ഉപനികുതിയിൽനിന്നും, കരത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാ ണ്.

എ) പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും ഒന്നുകിൽ യഥാർത്ഥത്തിൽ അപ്ര കാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ മറ്റു യാതൊരു ആവശ്യത്തിനും ഉപയോ ഗിക്കാത്തതുമായ സ്ഥലങ്ങൾ.

ബി) താമസിക്കുന്നതിന് യാതൊരു വാടകയും ചുമത്താത്ത സത്രങ്ങളും ചുമത്തുന്ന വാടക ധാർമ്മിക കാര്യങ്ങൾക്കായി മാത്രം ഉപയോഗിക്കപ്പെടുന്നതുമായ സത്രങ്ങളും.

സി) സർക്കാർ അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഹോസ്റ്റലുകൾ ഉൾപ്പടെയുള്ള കെട്ടിടങ്ങളും ആഗതികൾക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്ന ധാർമ്മിക കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന സ്ഥലങ്ങൾ, പൊതുജനങ്ങൾക്ക് പ്രവേശക്കാവുന്ന ഗ്രന്ഥശാലകളും കളിസ്ഥലങ്ങളും.

ഡി) പ്രാചീന സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് സംബന്ധിച്ച് തത്സമയം നിലവിലിരിക്കുന്ന നിയമപ്രകാരം സംരക്ഷിക്കപ്പെട്ടുപോരുന്ന പ്രാചീന സ്മാരകങ്ങളും വാസഗ്രഹങ്ങളായോ പൊതു ആഫീസുകളായോ ഉപയോഗിക്കപ്പെടാത്ത അവയുടെ ഭാഗങ്ങളും.

ആകയാൽ നഗരസഭ, മുൻസിപ്പാലിറ്റി, പഞ്ചായത്ത്, എന്നിവിടങ്ങളിൽ നിന്നും കെട്ടിടനികുതി അടയ്ക്കണമെന്നുകാണിച്ച് നികുതിബിൽ ലഭിക്കുന്ന പക്ഷം പ്രസ്തുത കെട്ടിടങ്ങളും, ഭൂമിയും മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ഇനങ്ങളിൽപ്പെടുന്നതാണെങ്കിൽ പ്രസ്തുത കെട്ടിടങ്ങളേയും വസ്തുക്കളേയും നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണെന്നുകാണിച്ച് സ്റ്റാന്റിംഗ് കമ്മറ്റിക്ക് അപ്പീൽ പെറ്റീഷൻ നിശ്ചിത കാലാവധിക്ക് മുൻപായി കൊടുക്കേണ്ടതാണ്.

കൂടാതെ ദേവസ്വംബോർഡിന്റെ ഉടമസ്ഥതയിലുള്ളകെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തിട്ടുള്ള പക്ഷം വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവരെ ഒഴിപ്പിക്കുന്നതിന് "കേരള ബിൽഡിംഗ് (ലീസ് ആന്റ് റെന്റ് കൺട്രോൾ) ആക്റ്റ് 1965 (2 ഓഫ് 1965) ലെ സെക്ഷൻ 25 അനുസരിച്ച് ദേവസ്വം ബോർഡിന്റെ കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടുള്ളതിനാൽ പ്രസ്തുത വാടകക്കാരെ ഒഴിപ്പിക്കുന്നതിന് സിവിൽ കേസ് കൊടുക്കേണ്ടതാണെന്നുള്ള വിവരവും അറിയിക്കുന്നു.

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് 1) ദേവസ്വംകമ്മീഷ്ണർക്ക് അയച്ചിരിക്കുന്നു.
2) ദേവസ്വം അക്കൗണ്ടാഫീസർക്ക്
3) ഫൈനാൻസ് ആന്റ് അക്കൗണ്ടഫീസർക്ക്
4) എല്ലാഡെപ്യൂട്ടി ദേവസ്വം കമ്മീഷ്ണർമാർക്കും
5) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷ്ണർമാർക്കും
6) എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
7) ഡെപ്യൂട്ടി എക്സാമിനർ ലോക്കൽ ഫണ്ട് അക്കൗണ്ട്സ്
8) ഫയൽബുക്ക്, സെക്ഷൻ ഫയൽ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO 16620/24/M I

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
19.10.2024

<u>സർക്കുലർ</u>

വിഷയം: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകി വരുന്നതുമായ കെട്ടിടങ്ങളിൽ വാടകക്കാർ ഇല്ലാത്ത പക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വേക്കൻസി റെമിഷൻ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

സൂചന : ദേവസ്വം ബോർഡ് ഓഫീസിലെ 24.09.2024 ലെ ROC.11046/24/എം നമ്പർ ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകി വരുന്നതുമായ കെട്ടിടങ്ങളിൽ വാടകക്കാർ ഇല്ലാത്ത പക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വേക്കൻസി. റെമിഷൻ റിപ്പോർട്ട് ചെയ്ത് നികുതി ഇളവ് ലഭ്യമാക്കാവുന്നതിന് എല്ലാ സബ്ഗ്രൂപ്പ് ആഫീസർ/ അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരെയും ചുമതലപ്പെടുത്തിയും നടപ്പിൽ വരാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയായി കണക്കാക്കി ടി തുക ഈടാക്കുന്നതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1.ബന്ധപ്പെട്ട എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും

2.ഐ.റ്റി.സെക്ഷൻ

3.സെക്ഷൻ ഫയൽ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)